"ഭരണ ഭാഷ-മാതൃഭാഷ "

ജില്ലാ ഓഫീസ്
സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ,
മൂന്നാം നില, ജില്ലാ ആസൂത്രണ സമിതി കാര്യാലയം
കണ്ണൂർ – 670002

ഫോൺ/ഫാക്സ് : 04972700405
email : ecostatknr@gmail.com
ddknr@kerala.gov.in

നമ്പർ. ഇ ബി (1) 2909/2022/ഡി ഒ സി — തീയതി : 01/06/2022

# നോട്ടീസ്

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2 തസ്തികയിൽ ജോലി ചെയ്തിരുന്ന സജ്ന വൈ. എന്ന താങ്കൾ 15/11/2016 മുതൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ 31/10/2016 ലെ ഇഎ(3)2447/2016/ഡിഇഎസ് നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെഎസ്ആർ പാർട്ട് 1 അനുബന്ധം XII C പ്രകാരമുള്ള ശൂന്യവേതനാവധിയിൽ ആയിരുന്നു.

പ്രസ്തുത അവധിക്ക് തുടർച്ചയായി 15/11/2021 മുതൽ 5 വർഷത്തേക്ക്കൂടി മേൽപ്പറഞ്ഞ തരത്തിലുള്ള ശൂന്യവേതനാവധി അനുവദിക്കണമെന്ന് താങ്കൾ അപേക്ഷിക്കുകയും, 05/11/2020 ലെ സ.ഉ (പി) നം.152/2020/ധന, 30/12/2020 ലെ 83/2020/ധന നമ്പർ സർക്കുലർ എന്നിവയുടെ അടിസ്ഥാനത്തിൽ താങ്കളുടെ അപേക്ഷ നിരസിക്കുകയും, താങ്കളോട് 15/11/2021 ന് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിന് രേഖാമൂലം നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതാണ്.

എന്നാൽ 15/11/2021 ന് താങ്കൾ ജോലിക്ക് ഹാജരാവുകയോ, ഹാജരാകുന്നതിന് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുള്ളതായി അറിയിക്കുകയോ ചെയ്തിട്ടില്ല. മേൽ സാഹചര്യത്തിൽ അടിയന്തിരമായി ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് മറ്റൊരു കത്തു കൂടി താങ്കൾക്ക് നൽകിയിരുന്നുവെങ്കിലും ആയതിനും മറുപടി ലഭ്യമാക്കുകയോ ജോലിയിൽ തിരികെ പ്രവേശിക്കുകയോ ചെയ്തിട്ടില്ല.

മേൽ സാഹചര്യത്തിൽ 15/11/2021 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത് കെഎസ്ആർ പാർട്ട് 1 അനുബന്ധം XII C ചട്ടം 10 പ്രകാരം താങ്കളുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതര വീഴ്ചയായി കണക്കാക്കുകയും, താങ്കൾക്ക് കുറ്റാരോപണ മെമ്മോ രജിസ്റ്റേഡ് തപാൽ ആയി അയച്ചിട്ടുള്ളതുമാണ്. എന്നാൽ താങ്കൾ ഇന്ത്യക്ക് പുറത്താണെന്ന തപാൽ വകുപ്പിന്റെ റിമാർക്സോടുകൂടി പ്രസ്തുത തപാൽ തിരികെ വന്ന സാഹചര്യത്തിൽ കുറ്റാരോപണ മെമ്മോ സംബന്ധിച്ച അറിയിപ്പ് 24/03/2022 ലെ സിറാജ് ദിനപത്രത്തിലും, 09/04/2022 ലെ ദേശാഭിമാനി, മാതൃഭൂമി എന്നീ പത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

(മറുപുറം)

എന്നാൽ നാളിതുവരെ താങ്കൾ ജോലിക്ക് ഹാജരാവുകയോ, ഏതെങ്കിലും തരത്തിലുള്ള വിശദീകരണം ലഭ്യമാക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ താങ്കളെ സർവ്വീസിൽ നിന്നും താൽക്കാലികമായി നീക്കം ചെയ്യുവാൻ തിരുമാനിച്ചിരിക്കുന്നു. ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം മതിയായ വിശദീകരണം സഹിതം തിരികെ ജോലിയിൽ പ്രവേശിക്കാത്ത പക്ഷം താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

പ്രേമരാജൻ ഇ.വി
ഡെപ്യൂട്ടി ഡയറക്ടർ
സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, കണ്ണൂർ

സ്വീകർത്താവ്

ശ്രീമതി. സജ്ന വൈ.
കണ്ണംപള്ളിൽ ഹൗസ്
ഞക്കനാൽ പി.ഒ
കൃഷ്ണപുരം
ആലപ്പുഴ - 690533